**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 838** **09-08-2023 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ സബ്‌രജിസ്ട്രാർ ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിലെ സബ്‌രജിസ്ട്രാർ ഓഫീസുകൾ അക്രഡിറ്റേഷൻ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | ചാത്തന്നൂർ മണ്ഡലത്തിലെ സബ്‌രജിസ്ട്രാർ ഓഫീസുകൾ അക്രഡിറ്റേഷൻ നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി എം.എൽ.എ. നടപ്പിലാക്കിയ ജനപക്ഷം ചാത്തന്നൂർ പദ്ധതിയുടെ ഭാഗമായി ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ സർക്കാർ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സബ് രജിസ്ട്രാർ ഓഫീസുകളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ജനപ്രതിനിധി നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സബ് രജിസ്ട്രാർ ഓഫീസിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് അദ്ദേഹവുമായി ചർച്ച നടത്തി സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് നടപടികൾ കൈക്കൊള്ളുന്നതിനും സബ്‌രജിസ്ട്രാർ ഓഫീസുകളിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനും രജിസ്ട്രേഷൻ വകുപ്പ് മേധാവിക്ക് ജനപ്രതിനിധി നൽകിയ നിവേദനത്തിന്മേൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | (എ) പിരിവിൽ ചേർത്തിട്ടുണ്ട് |
| (സി) | പൊതുജനങ്ങൾക്ക് മികച്ച സേവനം നല്കുന്നതിനായി ചാത്തന്നൂർ മണ്ഡലത്തിലെ സബ്‌രജിസ്ട്രാർ ഓഫീസുകളിൽ മികച്ച വേഗതയുള്ള നെറ്റ് വർക്ക് സിസ്റ്റം, ആവശ്യമായ പുതിയ കമ്പ്യൂട്ടർ, പ്രിൻറർ, യു.പി.എസ്., ബാറ്ററി എന്നിവ നൽകുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (സി) | ഉണ്ട്. നിലവിലുള്ള നെറ്റ്‌വർക്ക് സംവിധാനത്തിലൂടെ ഉയർന്ന ഇന്റർനെറ്റ് വേഗപരിധി ലഭിക്കുവാനായി നിലവിലുള്ള 2MBps-ൽ നിന്നും 4MBps-ലേക്ക് ഉയർത്തുകയും ഫൈബർ സർക്യൂട്ടുകളിലേക്ക് മാറ്റുകയുണ്ടായി. ഡിജിറ്റൽ എൻഡോഴ്സ്മെന്റ് സൗകര്യം നടപ്പിലാക്കുന്നതിനായി ബയോമെട്രിക് സ്കാനറുകൾ, വെബ് ക്യാമറകൾ, Electronic Signature Pad, High Speed Multifunction Colour Laser Printer എന്നിവ വിതരണം ചെയ്യുകയുണ്ടായി. പരവൂർ സബ് രജിസ്ട്രാർ ഓഫീസിൽ പുതിയ 5 യു.പി.എസ് ബാറ്ററികൾ വിതരണം ചെയ്യുകയുണ്ടായി. എല്ലാ ഓഫീസുകളിലും പുതിയ കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | ചാത്തന്നൂർ മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകളിൽ ആവശ്യമായ ജിവനക്കാരെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ